(ഇ) ഇല്ലെങ്കിൽ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) പെർഫോർമൻസ് ആഡിറ്റ് നടത്തിവരുന്നുണ്ട്.

(സി)-(ഇ) സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് അതോറിറ്റിയെ സഹായിക്കുവാൻ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ ഗ്രേഡിലുള്ള ഒരു സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ഉദ്ദേശമുണ്ട്.

27 (*147) ഹജ്ജ് തീർത്ഥാടനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കാൻ ചേർന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റിയോഗത്തിൽ സംസ്ഥാനത്തു നിന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയോ മറ്റാരെങ്കിലുമോ പങ്കെടുത്തിരുന്നുവോ;

(ബി) ഹജ്ജ് വിമാന തീയതികൾ തയ്യാറാക്കുന്നതിൽ സംസ്ഥാനത്തെ ഹജ്ജ് യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് യാത്രനേരത്തേ ആക്കുന്നതിന് ബന്ധപ്പെട്ട വിമാനകമ്പനികളുമായോ, സിവിൽ ഏവിയേഷൻ വകുപ്പുമായോ 1999 ഡിസംബർ ഒന്നിനു മുൻപ് ബന്ധപ്പെടുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് വിമാനം ആരംഭിക്കുവാൻ ആവശ്യമായ എന്തെങ്കിലും നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി സെക്രട്ടറി കൂടിയായ ജില്ലാ കോഴിക്കോട് കളക്ടർ പങ്കെടുത്തിരുന്നു. ഹജ്ജ് 2000-കോൺഫറൻസിൽ പങ്കെടുക്കുന്നതിന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയോഗം കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയംഗം ശ്രീ. എം.പി. അബ്ദുസമദ് സമദാനി എം.പി. യെ ചുമതലപ്പെടുത്തുകയുണ്ടായി.

(ബി)&(സി) ഇല്ല. മുൻകൂട്ടി ബന്ധപ്പെടേണ്ട ആവശ്യമില്ല. കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ഫ്ളൈറ്റ് ഷെഡ്യൂൾ ലഭിച്ചപ്പോൾ തീർത്ഥാടകരുടെ വിമാനയാത്രയ്ക്ക് താമസം നേരിടും എന്നു ബോദ്ധ്യപ്പെടുകയും ഉടൻതന്നെ കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടേയും സിവിൽ ഏവിയേഷൻ വകുപ്പിന്റെയും അധികൃതരുമായി ബന്ധപ്പെടുകയും തീർത്ഥാടകരുടെ യാത്ര, മുൻപ്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചതിൽ നിന്നും നേരത്തേ ആക്കിയിട്ടുള്ളതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് വിമാനം ആരംഭിക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് പല തവണ അഭ്യർത്ഥന നടത്തിയെങ്കിലും കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ വന്നു പോകുന്നതിന് മതിയായ സൗകര്യമില്ലായെന്ന കാരണത്താൽ ഈ ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

28 (*148) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടെയും ക്ഷേമം

ശ്രീമതി കെ.ആർ. ഗൗരി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടേയും ക്ഷേമത്തിനായി നിലവിലുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ദബുദ്ധികൾക്കായി വിദ്യാലയങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടേയും ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ;

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും പുനരധിവാസത്തിനുമായി സർക്കാരുടമസ്ഥതയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റിക്യാപ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നീ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ചികിത്സ കൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി മഞ്ചേരിയിൽ കസ്റ്റോഡിയൻ കെയർ ഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

കൂടാതെ ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ക്ഷേമത്തിനായി വിവിധ സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിലെ മന്ദബുദ്ധികളായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. പാങ്ങപ്പാറയിലെ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ദേശീയ സ്ഥാപനമാക്കി ഉയർത്തുന്നതിന്റെ മുന്നോടിയായി ഇതിനെ ഒരു സ്വയം ഭരണസ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം മുഖേന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടിയുള്ള വിവിധ വികസന പരിപാടികൾ നടപ്പാക്കി വരുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly